(ബി) ഓരോ വർഷത്തേയും ചെലവ് മൊത്തത്തിലാണ് കണക്കാക്കുന്നത്. കേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന ഗ്രാന്റും ലോണും എത്ര വീതം ചെലവാക്കുന്നു എന്ന് പ്രത്യേകം കണക്കാക്കാറില്ല.

(സി & ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തിയില്ല.

## ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

34.(967) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഇന്നുവരെ നടന്ന ജനകീയാസൂത്രണ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്തു തലത്തിലും ജില്ലാ പഞ്ചായത്ത് തലത്തിലും നഗരതലത്തിലും പദ്ധതി പ്രവർത്തനങ്ങളിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നതെന്നും അവ കൈവരിച്ചുവോ എന്നും അവ കൈവരിക്കുന്ന കാര്യത്തിൽ ബുദ്ധിപൂർവ്വകമായ ധനവിനിയോഗം നടന്നിട്ടുണ്ടോ എന്നും ഉള്ള കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ തലത്തിലും എത്രമാത്രം ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞു എന്നും ധനവിനിയോഗത്തിൽ എന്തെല്ലാം ക്രമക്കേടുകളുണ്ടായിരുന്നു എന്നും പറയുമോ ;

(സി) ഇപ്രകാരം ലക്ഷ്യം കൈവരുത്തുന്നതിൽ വീഴ്ച വരുത്തിയ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ എത്ര വീതമുണ്ടെന്ന് പറയുമോ ;

(ഡി) ധനവിനിയോഗത്തിൽ ക്രമക്കേട് വരുത്തിയ ഇത്തരം സ്ഥാപനങ്ങൾ എത്ര വീതമുണ്ട് ;

(ഇ) ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നഗരസഭകളും ജനകീയാസൂത്രണ പ്രവർത്തനത്തിൽ ലക്ഷ്യമിട്ട നേട്ടം എന്തായിരുന്നുവെന്നും അത് കൈവരിച്ചുവോ എന്നു ബുദ്ധിപൂർവ്വകമായ ധനവിനിയോഗം നടത്തിയോ എന്നും പഠനം നടത്താത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വാർഷിക പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച ഭൗതികനേട്ടങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ഇനം | യൂണിറ്റ് | വാർഷിക പദ്ധതി | | |
|---|---|---|---|---|
| | | 1997-98 | 1998-99 | 1999-2000 |
| (1) | (2) | (3) | (4) | (5) |
| 1. പുതിയതായി കൃഷി യോഗ്യമാക്കിയ ഭൂമിയുടെ അളവ് | ഏക്കർ | 1,10,076 | 95,914 | 1,09,893 |
| 2. വിത്ത്, വളം, കീടനാശിനികൾ | ഗുണഭോക്താക്കൾ | 18,10,608 | 9,47,416 | 8,14,640 |
| 3. ടില്ലർ | എണ്ണം | 2,309 | 1,296 | 826 |
| 4. വിതരണം ചെയ്ത കന്നുകാലികൾ | എണ്ണം | 1,68,552 | 74,637 | 31,383 |
| 5. വിതരണം ചെയ്ത കോഴികൾ | എണ്ണം | 13,28,325 | 3,27,813 | 2,11,379 |
| 6. പുതിയ തൊഴുത്തുകൾ | എണ്ണം | 20,344 | 31,067 | 23,225 |
| 7. വിതരണം ചെയ്ത തയ്യൽ മെഷീനുകൾ | എണ്ണം | 39,696 | 10,060 | 3,516 |
| 8. പരിശീലനം ലഭിച്ചവർ | എണ്ണം | 20,561 | 29,842 | 34,514 |
| 9. പാർപ്പിട നിർമ്മാണം | എണ്ണം | 54,712 | 81,739 | 1,69,837 |
| 10. വീട് വയ്ക്കാൻ സ്ഥലം നൽകിയത് | എണ്ണം | 4,529 | 4,166 | 6,404 |
| 11. വീട് പുനരുദ്ധാരണം | എണ്ണം | 44,655 | 32,513 | 40,851 |
| 12. കക്കൂസ് നിർമ്മാണം | എണ്ണം | 136,110 | 1,35,945 | 1,41,119 |
| 13. വീട് വയറിംഗ് | എണ്ണം | 39,462 | 38,197 | 30,058 |
| 14. പുതിയ കിണറുകൾ | എണ്ണം | 24,931 | 30,673 | 31,987 |
| 15. പുതിയ കുടിവെള്ള ടാപ്പുകൾ | എണ്ണം | 9,256 | 10,661 | 12,586 |
| 16. കുളം വൃത്തിയാക്കിയത് | എണ്ണം | 3,635 | 13,213 | 5,595 |
| 17. വിതരണം ചെയ്ത പമ്പ് സെറ്റുകൾ | എണ്ണം | 16,973 | 22,651 | 19,587 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 18. പുതിയ റോഡുകൾ | എണ്ണം | 6,172 | 8,404 | 9,378 |
| 19. പുതിയ റോഡുകൾ | കി. മീ | 4,743 | 6,874 | 5,571 |
| 20 പുതിയ കലുങ്കുകൾ | എണ്ണം | 989 | 1,460 | 1,561 |
| 21 പുതിയ പാലങ്ങൾ | എണ്ണം | 452 | 834 | 440 |
| 22 പുതിയ സഹകരണ സംഘങ്ങൾ | എണ്ണം | 1,470 | 1,228 | 1,106 |
| 23 പുതിയ സ്കൂൾ കെട്ടിടങ്ങൾ | ച.മീ | 27,703 | 3,5118 | 30,727 |
| 24 ആശുപത്രി കെട്ടിടങ്ങൾ | ച.മീ | 25,767 | 30,746 | 33,508 |
| 25 ഓഫീസ് കെട്ടിടങ്ങൾ | ച.മീ | 23,891 | 50,360 | 37,550 |
| 26 മാർക്കറ്റിംഗ് കോംപ്ലക്സുകൾ | ച.മീ | 6,268 | 20,546 | 29,515 |

ധനവിനിയോഗത്തിന്റെ കാര്യത്തിൽ വാർഷിക പദ്ധതിയിൽ (1997-98) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവയുടെ പദ്ധതി വിഹിതത്തിന്റെ 30 ശതമാനം ചെലവ് കൈവരിയ്ക്കണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്. വിവിധ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ലക്ഷ്യം കൈവരിച്ചതായി താൽക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു. 1997-98-ലെ പദ്ധതി ചെലവിന്റെ 1998 ജൂൺ 30 വരെയുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 1998 ജൂൺ 30 വരെയുള്ള പദ്ധതി ചെലവ് (ശതമാനം) |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 95.92 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 91.97 |
| ജില്ലാ പഞ്ചായത്തുകൾ | 94.37 |
| മുനിസിപ്പാലിറ്റികൾ | 97.46 |
| കോർപ്പറേഷനുകൾ | 101.56 |

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓരോ വർഷത്തേയും ഭൗതിക നേട്ടങ്ങൾ അവയുടെ ലക്ഷ്യം കൈവരിച്ചതായി വ്യക്തമാക്കുന്നുണ്ട്. അതിനാൽ ഭൗതികലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൃത്യമായ വിവരം സംസ്ഥാന തലത്തിൽ ലഭ്യമല്ല. ധനവിനിയോഗ പരിശോധനാ കമ്മിറ്റികൾ ജില്ലാ തലത്തിലാണ് പ്രവർത്തിക്കുന്നത്.

(ഇ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly